## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *8 03.02.2020 ൽ മറുപടിക്ക്

## ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി. ഉബൈദുള്ള<br>ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ.എം. ഉമ്മർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംസ്ഥാനത്ത് നിർത്തിവച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വിവരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരം 22.01.2020 ലെ എസ്.എസ്.1/57/ 2019/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയ ത്തിനു കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറെ അറിയി ച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര ആഭ്യന്തര മന്ത്രാലയമോ സെൻസസ് കമ്മീഷണറോ ഇക്കാര്യത്തിൽ എന്തെങ്കിലും മറുപടി സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇല്ല. |
| (സി) | ദേശീയ ജനസംഖ്യാ രജിസ്റ്റർ, ദേശീയ പൗരത്വ രജിസ്റ്റർ എന്നിവ സംസ്ഥാനത്ത് നടപ്പാക്കുകയാണെങ്കിൽ വ്യാപകമായ അരക്ഷിതാവസ്ഥയ്ക്കും ക്രമസമാധാന തകർച്ചക്കും കാരണമാകുമെന്നതിനാൽ പ്രസ്തുത നീക്കത്തിൽ നിന്നും പിന്തിരിയുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് അറിയിക്കാമോ? | (സി) | സമ്മർദ്ദം ചെലുത്തും. ഇക്കാര്യത്തിൽ നിരവധി നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ